പുതിയ മാനേജ്മെന്റിന്റെ കീഴിലായിരുന്നു. അതു കഴിഞ്ഞ് 1982 മുതൽ 1984 വരെയുള്ള വർഷങ്ങളിൽ വീണ്ടും പുതിയ മാനേജ്മെന്റിന്റെ കീഴിലും കമ്പനി പൂട്ടിയിട്ടു. 1984 ജൂലൈ മാസം മൂന്നാമത്തെ മാനേജ്മെന്റിന്റെ കീഴിൽ വീണ്ടും തുറന്നു പ്രവർത്തിച്ചു. പക്ഷേ വളരെനാളൊന്നും പ്രവർത്തിക്കാൻ സൗകര്യപ്പെട്ടില്ല. അങ്ങനെ 1-5-1985 മുതൽ ലേ-ഓഫ് പ്രഖ്യാപിച്ചിരിക്കുകയാണ്. കമ്പനിയുടെ നടത്തിപ്പിലുള്ള അപാകതകളും ഡയറക്ടർമാർ തമ്മിലുള്ള തർക്കം കാരണവുമാണ് കമ്പനി പൂട്ടിയിട്ടുള്ളത്. ഈ കമ്പനി ഗവൺമെന്റ് ഏറെറടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തൊഴിലാളി യൂണിയന്റെ പ്രസിഡന്റ്, കേന്ദ്ര ആസൂത്രണ വകുപ്പു സഹമന്ത്രി മുഖാന്തിരം ഒരു നിവേദനം അയച്ചു, 22-5-1985-ൽ ഇവിടെ കിട്ടിയിട്ടുണ്ട്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം എല്ലാ നയോജക മണ്ഡലങ്ങളെ സംബന്ധിച്ചും, സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളെ സംബന്ധിച്ചും എല്ലാ വ്യവസായങ്ങളെ സംബന്ധിച്ചും ഒരേ കാഴ്ചപ്പാടാണുള്ളത്. ആത്മാർത്ഥമായി പറഞ്ഞാൽ ഗവൺമെന്റിന് ഷെയർ ഉള്ള വ്യവസായങ്ങളും നിലച്ചിട്ട്, അത് ഏറെറടുക്കാൻ പോലും കഴിയാത്ത സ്ഥിതിയാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളമുള്ളത്. അത് പുനരുദ്ധരിക്കണമെന്ന ആഗ്രഹമില്ലാത്തതുകൊണ്ടല്ല, പക്ഷേ സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവ് നോക്കിക്കൊണ്ടു മാത്രമേ ഈ കാര്യത്തിൽ നടപടിയെടുക്കാൻ സാധിക്കുകയുള്ളു. ഗവൺമെന്റിനുകൂടി ഷെയറുള്ള പല വ്യവസായങ്ങളും നിലച്ചിട്ട്, അത് റിവൈവ് ചെയ്യാനുള്ള ശ്രമം നടത്തുന്ന അവസരത്തിൽ, സ്വകാര്യ വ്യക്തി, മൂന്നാമത്തെ മാനേജ്മെന്റ് നടത്തുന്ന, പരസ്പരമുള്ള തർക്കംകൊണ്ട് നിലച്ചുപോയത് ഏറെറടുക്കാൻ പ്രയാസമാണ്. ഈ മിൽ ഏതെല്ലാം വിധത്തിൽ റിവൈവ് ചെയ്യാൻ മാനേജ്മെന്റിനെ സഹായിക്കാമെന്നുള്ള കാര്യം ഗവൺമെന്റ് പരിഗണിക്കാം. ഇതിൽ യാതൊരു പന്തികേടോ ഭംഗിക്കേടോ ഉള്ളതുകൊണ്ടല്ലാ ഗവൺമെന്റിന്റെ പരിധി ഇവിടെ പ്രഖ്യാപിച്ചു എന്നുമാത്രമേയുള്ളു, എന്നിരുന്നാലും മാനേജ്മെന്റ് തർക്കം തീർക്കാൻ വല്ലതും ചെയ്യാൻ സൗകര്യപ്പെടുകയാണെങ്കിൽ ഗവൺമെന്റ് അക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാം.

III സബ്മിഷൻ

(1) ഇടുക്കി ജില്ലയിൽ ചികിൽസാ സൗകര്യത്തിന്റെ പോരായ്മ

ശ്രീ. ജോസ് കുറിയാനി : 12 ലക്ഷത്തോളം ആളുകൾ അധിവസിക്കുന്ന ഇടുക്കി ജില്ലയിലെ ജനങ്ങൾ അനുഭവിക്കുന്ന ചികിൽസാരംഗത്തെ പോരായ്മക്ക് പരിഹാരമുണ്ടാക്കാൻ ആവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുവാനാണ് ഞാൻ ഈ അവസരത്തിൽ ശ്രമിക്കുന്നത്. 1972 ജനുവരി മാസം 26-ാം തീയതി പ്രഖ്യാപിച്ച, 14 വർഷം പിന്നിട്ട ഇടുക്കി ജില്ലയുടെ ചികിൽസാരംഗത്ത് ആവശ്യമായ യാതൊരുവിധ സൗകര്യങ്ങളുമില്ലായെന്ന് പറയേണ്ടി വന്നതിൽ ഞാൻ ഖേദിക്കുകയാണ്. ഇടുക്കി ജില്ലാ ആശുപത്രി പ്രവർത്തിക്കുന്നതുതന്നെ ജില്ല രൂപീകരിക്കുന്ന കാലത്ത്, അന്ന് പയനാവിലുണ്ടായിരുന്ന ഇലക്ട്രിസിറ്റി ബോർഡിന്റെ വകയായിട്ടുള്ള ആശുപത്രി ഏറെറടുത്താണ്. കേവലം 18 കിടക്കകൾ മാത്രമുള്ള ചെറിയൊരു ആശുപത്രിയാണത് എന്നു പറയുവാൻ ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുകയാണ്. കേരളത്തിലുള്ള ജില്ലാ ആശുപത്രികളിൽ രക്തം പരിശോധിക്കുവാൻ സൗകര്യമില്ലാത്ത, ലാബ്ടറി ഫെസിലിറ്റീസ് ഇല്ലാത്ത, എക്സ്റേ നോക്കാൻ സൗകര്യമില്ലാത്ത, ഓപ്പറേഷൻ തിയേറ്റർ ഇല്ലാത്ത, ശവശരീരം

LIBRARY ARCHIVES Kerala Legislative Assembly

പോസ്റ്റ്മാർട്ടം ചെയ്യാനുള്ള സൗകര്യമില്ലാത്ത മോർച്ചറി പോലുമില്ലാത്ത ഏക ജില്ലാ ആശുപത്രിയാണ് ഇടുക്കി ജില്ലാ ആശുപത്രി. നമ്മുടെ ഈ സംസ്ഥാനത്തെ മറ്റ് 13 ജില്ലാ ആശുപത്രികളിലുമുള്ള യാതൊരു സൗകര്യങ്ങളും ഈ ആശുപത്രിയിൽ ഇല്ലായെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 200 മുതൽ 270 വരെ കിടക്കകളുള്ളതാണ് ജില്ലാ ആശുപത്രി. അതേയവസരത്തിൽ പയനാവിലുള്ള ഇടുക്കി ജില്ലാ ആശുപത്രിയിൽ 18 കിടക്കകളാണ് മാത്രമാണുള്ളത്. ഒരു ജില്ലാ ആശുപത്രിയിൽ 27 ഡോക്ടർമാർ വേണ്ടിടത്ത് ഇടുക്കി ജില്ലാ ആശുപത്രിയിൽ ഉള്ളത് കേവലം മൂന്ന് ഡോക്ടർമാർ മാത്രമാണ്. ഹെഡ് നേഴ്സ് 20 വേണ്ട സ്ഥാനത്ത് ഇടുക്കി ജില്ലാ ആശുപത്രിയിൽ ഒരൊറ്റ ഹെഡ് നേഴ്സ് പോലുമില്ല. 162 നേഴ്സുമാർ വേണ്ട സ്ഥാനത്ത് ഇടുക്കി ജില്ലാ ആശുപത്രിയിൽ രണ്ട് നേഴ്സുമാർ മാത്രമാണുള്ളത്. ഇടുക്കി ജില്ലയിലെ നിലവിലുള്ള ആശുപത്രിയിൽ ഇന്ന് 25 ഡോക്ടർമാരുടെയും 142 നേഴ്സുമാരുടെയും 22 ഹെഡ് നേഴ്സിന്റെയും പോസ്റ്റ് വേക്കന്റായി കിടക്കുകയാണ്. ചികിൽസാസൗകര്യ രംഗത്ത് മറ്റ് ജില്ലകൾക്ക് ലഭിക്കുന്ന എല്ലാവിധ സൗകര്യങ്ങളും നിഷേധിക്കപ്പെട്ട്, ദുരിതം അനുഭവിക്കാൻ മാത്രം വിധിക്കപ്പെട്ട ഇടുക്കി ജില്ലയിലെ ആളുകൾ ഇന്നനുഭവിക്കുന്ന ദുരിതത്തിന് പരിഹാരമുണ്ടാക്കണം. ഈ മന്ത്രിസഭയിലെ ഒരു മന്ത്രി പ്രതിനിധാനം ചെയ്യുന്ന ഇടുക്കി ജില്ലയിലെ ജനങ്ങളോട് കാണിക്കുന്ന ഈ ക്രൂരമായ നടപടി അവസാനിപ്പിക്കാൻ ഇന്ന് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൻമനസ്സ് കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : ഇടുക്കി ജില്ലാ ആശുപത്രി ഇപ്പോൾ സ്ഥിതിചെയ്യുന്നത് പൈനാവിലാണ്. അവിടെ ആകെയുള്ള ബഡ്ഡുകളുടെ എണ്ണം 24 ആണ്. അനുവദിച്ചിട്ടുള്ള ഡോക്ടർമാർ മൂന്ന് ആണ്. ഇതിൽ രണ്ട് പേർ അവിടെ ജോലി ചെയ്യുന്നു ഒരാൾ വന്നിട്ടില്ല. ഗൈനക്കോളജിസ്റ്റിന്റെ തസ്തിക തൽക്കാലം ഒഴിഞ്ഞുകിടക്കുകയാണ്. അതുപോലെതന്നെ സ്റ്റാഫിന്റെ കാര്യത്തിലാണെങ്കിൽ ഹെഡ് നേഴ്സിന്റെ രണ്ട് തസ്തിക അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒരാൾ വർക്കിംഗ് അറേഞ്ച്മെന്റിൽ ഇപ്പോൾ അവിടെ വർക്ക് ചെയ്യുന്നു. സ്റ്റാഫ് നേഴ്സിന്റെ തസ്തിക അനുവദിച്ചിട്ടുള്ളത് രണ്ടാണ്. ഇതിൽ രണ്ടു പേരും ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. ഒരു ജില്ലാ ആശുപത്രി എന്നുള്ള നിലയിൽ വേണ്ടത്ര സൗകര്യങ്ങളും എല്ലാം ചെയ്യാൻ ഇടുക്കി ജില്ലയെ സംബന്ധിച്ചിടത്തോളം സാധിച്ചിട്ടില്ല. പല ആഫീസുകളും ജില്ലാ ആഫീസുകൾക്ക് വേണ്ട മാതിരി വന്നിട്ടില്ല. തൽക്കാലം ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്ന് ആവശ്യമായ മരുന്നുകൾ ഇടുക്കി ജില്ലാ ആശുപത്രിയിൽ നൽകി വരുന്നുണ്ട്. ഇതാണ് ഇപ്പോഴത്തെ സ്ഥിതി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വേണ്ടത്ര സൗകര്യമില്ലായെന്നുള്ളത് ഗവൺമെന്റിന് അറിയാം. പരമാവധി സൗകര്യമേർപ്പെടുത്തുന്നതിന്, സാമ്പത്തിക സ്ഥിതി മെച്ചമാകുന്നതിനനുസരിച്ച് ശ്രമിക്കുന്നതാണ്.

(2) വലപ്പാട് ശ്രീരാമ പോളിടെക്നിക്ക്

ശ്രീ. സുധാർത്ഥൻ കാട്ടുങ്ങൽ : 1981-ൽ ഏറെടുത്ത എന്റെ നിയോജകമണ്ഡലത്തിലെ ശ്രീരാമ പോളിടെക്നിക്കലിൽ 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുള്ള ഒരു ഹോസ്റ്റൽ കെട്ടിടത്തിന് ടെൻഡർ ഉറപ്പിച്ചുവെങ്കിലും നാളിതുവരെ പണി ആരംഭിച്ചിട്ടില്ല. പബ്ലിക് ഹെൽത്ത്

LIBRARY ARCHIVES Kerala Legislative Assembly